**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3849** **27-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകർക്കുള്ള വിവിധ ധനസഹായങ്ങളും ആനുകൂല്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് മുഖേന നൽകുന്ന വിവിധ ധനസഹായങ്ങൾ, ആനുകൂല്യങ്ങൾ എന്നിവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ക്ഷീരവികസന വകുപ്പ് മുഖേന ക്ഷീരകർഷകർക്ക് വിവിധങ്ങളായ പദ്ധതികളിലൂടെ അനുകൂല്യങ്ങളും ധനസഹായവും നൽകി വരുന്നുണ്ട്.ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>**1. ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസസും**<br><br>ക്ഷീരമേഖലയിലെ വിവിധ വിഷയങ്ങളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുന്നതിനായി കർഷക സമ്പർക്ക പരിപാടികൾ, ജില്ലാ/ബ്ലോക്ക്/സംസ്ഥാന ക്ഷീരകർഷക സംഗമങ്ങൾ, സംസ്ഥാനത്തിനകത്തും, പുറത്തും ഈ മേഖലയിലുള്ള വിവിധ സംരംഭങ്ങളിൽ പഠനസന്ദർശനം, സെമിനാറുകൾ, ശില്പശാലകൾ, പരിശീലനങ്ങൾ, ക്ഷീരപരിശീലനകേന്ദ്രങ്ങൾ മുഖേന ക്ഷീരകർഷകർക്കും, ക്ഷീരസംഘം ജീവനക്കാർക്കും പരിശീലന പരിപാടികൾ എന്നിവയാണ് ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ഈ ശീർഷകത്തിൽ 2023-24 വർഷം 1145.00 ലക്ഷം രൂപ ഈ പദ്ധതിയുടെ വിവിധ ഘടക പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നു.<br><br>**2. തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ**<br><br>അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്ഷീരമേഖലയിൽ ഉല്പാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം തീറ്റപ്പുല്ലിന്റെ ദൗർലഭ്യമാണ്. സംസ്ഥാനത്ത് പച്ചപ്പുല്ലിന്റെ ലഭ്യതയുടെ ആകെ 47 ശതമാനം മാത്രമാണ് ആകെ ഉത്പാദിപ്പിക്കുന്നത്. നടപ്പ് സാമ്പത്തികവർഷം 2213 ഹെക്ടർ സ്ഥലത്ത് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 15000-ത്തോളം ക്ഷീരകർഷകർക്ക് പുൽകൃഷി വ്യാപന പദ്ധതിയുടെ പ്രയോജനം ലഭിക്കും. 3.76 ലക്ഷം മെ.ടൺ പച്ചപ്പുല്ല് അധികമായി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരകർഷകർക്ക് തീറ്റപ്പുൽകൃഷി നടപ്പാക്കുന്നതിന് ധനസഹായം, ചോളം കൃഷിയ്ക്ക് ധനസഹായം, വൃക്ഷവിളകൾ വിതരണം ചെയ്യുന്നതിനുള്ള ധനസഹായം, തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണത്തിനുള്ള |

ധനസഹായം, തീറ്റപ്പുൽകൃഷിയ്ക്ക് ജലസേചനസൗകര്യം ഏർപ്പെടുത്തൽ, ഗ്രൂപ്പുകൾക്ക് (സംഘം/എസ്.എച്ച്.ജി/മറ്റ് രജിസ്റ്റേർഡ് ഗ്രൂപ്പുകൾ) യൂണിറ്റുകൾ മുഖേനയുള്ള തീറ്റപ്പുൽക്കൃഷിയും വിപണനവും, ക്ഷീരസഹകരണസംഘങ്ങളുമായി ബന്ധപ്പെട്ട് ക്ഷീരോല്പാദകരുടെ കൂട്ടായ്മയായ വിവിധ ഗ്രൂപ്പുകൾ രൂപീകരിച്ച് പൊതു-സ്വകാര്യ-വ്യക്തിഗത മേഖലയിലുള്ള തരിശുഭൂമികളിലു/ ഉപയോഗശൂന്യമായ സ്ഥലങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. പദ്ധതിയ്ക്കായി 850 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി 2024-25 വർഷം അനുവദിച്ചിരിക്കുന്നത്.

**3. മിൽക്ക് ഷെഡ് വികസന പദ്ധതി**

2024-25 വർഷത്തേക്ക് 3880 ലക്ഷം രൂപ (MSDP Revenue Head: 3380 ലക്ഷം രൂപ+ MSDP Capital Head: 500 ലക്ഷം രൂപ ) പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരോല്പാദന മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയും, പുതിയ സംരംഭകരെയും സ്വയം സഹായ സംഘങ്ങളെയും കൊണ്ടുവരിക, സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന ഘടകങ്ങളാണ് നടപ്പിലാക്കുന്നത്.

ഗുണഭോക്താക്കൾക്ക് ഡെയറി യൂണിറ്റുകൾ സ്ഥാപിക്കാൻ ധനസഹായം ലഭ്യമാക്കുക, കർഷകർക്ക് കറവയന്ത്രം വിതരണം, അവശ്യാധിഷ്ഠിത ധനസഹായം ലഭ്യമാക്കൽ, കാലിതൊഴുത്ത് നിർമ്മാണത്തിനുള്ള ധനസഹായം ലഭ്യമാക്കൽ പാലുത്പാദന സാധ്യത കൂടുതലുള്ള ഇടുക്കി ജില്ലയിലെ കർഷകർക്കായി പ്രത്യേക പദ്ധതി എന്നിവയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. MSDP പദ്ധതിയിലൂടെ 8643 കറവപ്പശുക്കളെയും 1500 കിടാരികളെയും പുതുതായി സംസ്ഥാനത്ത് കൊണ്ടുവരുന്നതിന് ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട 40 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ 1000 ലക്ഷം രൂപ പദ്ധതി തുക ചെലവഴിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സാങ്കേതിക സാമ്പത്തിക സഹകരണത്തോടെയാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വ്യക്തികൾ/JLG/SHG എന്നിവർ മുഖാന്തിരം കിടാരി പാർക്കുകൾ സ്ഥാപിക്കുന്നതിനായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നൂതന പദ്ധതികളായ അതിദരിദ്രർക്കുള്ള പുനരധിവാസ പദ്ധതി, ഫാമുകളുടെ യന്ത്രവത്ക്കരണത്തിനും ആധുനിക വത്ക്കരണത്തിനുമായി ബാങ്ക് ലോൺ എടുത്ത പലിശയ്ക്ക്, ഇളവ് നൽകുന്നതിനുള്ള പദ്ധതി (Interest Subvention Scheme) എന്നിവയും MSDP പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തികവർഷം നടപ്പിലാക്കുന്നു.

<table>
<tr><td></td><td></td><td></td><td>

**4. കാലിത്തീറ്റ ധനസഹായ പദ്ധതി**

ക്ഷീരസംഘങ്ങൾ മുഖാന്തിരം സബ്സിഡി നിരക്കിൽ പച്ചപ്പുൽ/ വൈക്കോൽ വിതരണ പദ്ധതി കന്നുകാലികൾക്ക് ധാതുലവണ മിശ്രിതം, വിറ്റാമിൻ സപ്ലിമെന്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി എന്നിവയാണ് ഈ പദ്ധതിയിലൂടെ കർഷകർക്ക് ധനസഹായം അനുവദിക്കുന്നത്.

**5. ക്ഷീരകർഷക ക്ഷേമനിധിയ്ക്ക് ഇൻഷുറൻസ് പരിരക്ഷയ്ക്കായുള്ള ധനസഹായം**

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി: ക്ഷീരകർഷകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും, ക്ഷീരസംഘം ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി നടപ്പിലാക്കുന്ന സമ്പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതിയായ ക്ഷീരസാന്ത്വനം പദ്ധതി തൻ വർഷം കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ക്ഷീരവികസന വകുപ്പ്, 3 മേഖലാ യൂണിയനുകൾ (മിൽമ), ക്ഷീരസഹകരണ സംഘങ്ങൾ, ക്ഷീരകർഷകർ എന്നിവരുടെ പങ്കാളിത്തം പദ്ധതിയിൽ ഉണ്ടാവുന്നതാണ്.

**6. വയനാട് - ക്ഷീരവികസനത്തിനുള്ള പ്രത്യേക പാക്കേജ്**ക്ഷീരമേഖലയുടെ സാധ്യതകളും സ്രോതസുകളും കണക്കിലെടുത്തു കൊണ്ട് വയനാട് ജില്ലക്ക് 50 ലക്ഷം രൂപയുടെ പ്രത്യേക ക്ഷീര വികസന പദ്ധതി (ഡയറി പാക്കേജ്) നടപ്പിലാക്കുന്നു. ഡയറി ഫാമുകളുടെ അടിസ്ഥാന വികസനം, യന്ത്രവത്കരണം, ഗുണനിലവാര വികസന പദ്ധതികൾ, തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ, ഉരുക്കളെ വാങ്ങുന്നതിനുള്ള പ്രത്യേക പദ്ധതികൾ, പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എന്നിവ ഈ പ്രത്യേക പാക്കേജിന്റെ ഘടകങ്ങളാണ്.

</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ധനസഹായങ്ങളും ആനുകൂല്യങ്ങളും നിലവിൽ വിതരണം ചെയ്യാൻ കുടിശ്ശികയുണ്ടോ; എങ്കിൽ ഓരോ ഇനത്തിലുമുള്ള കുടിശ്ശികയുടെ വിശദാംശവും എന്നുമുതലാണ് കുടിശ്ശിക വന്നിട്ടുള്ളതെന്നും വ്യക്തമാക്കാമോ;</td><td>(ബി)</td><td>ക്ഷീരകർഷകർക്ക് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച് നൽകേണ്ട എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് കഴിഞ്ഞു. നിലവിൽ കുടിശ്ശികയില്ല.</td></tr>
<tr><td>(സി)</td><td>ക്ഷീരവികസന വകുപ്പ് നൽകുന്ന ധനസഹായങ്ങളും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനായി മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള ഓരോ സാമ്പത്തിക വർഷവും എത്ര തുക വകയിരുത്തി എന്നും എത്ര തുക ചെലവഴിച്ചു എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?</td><td>(സി)</td><td>
<table>
<tr><td>വർഷം</td><td>ബഡ്ജറ്റ് വിഹിതം<br>(തുക ലക്ഷത്തിൽ)</td><td>ചെലവഴിച്ച തുക<br>(തുക ലക്ഷത്തിൽ)</td></tr>
<tr><td>2016-17</td><td>10,250.01</td><td>10,049.73</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| 2017-18 | 13,807.19 | 13,442.46 | |
| 2018-19 | 12,375.21 | 12,125.21 | |
| 2019-20 | 11,627.00 | 8,407.80 | |
| 2020-21 | 10,398.91 | 10,159.46 | |
| 2021-22 | 10,371.00 | 9,389.56 | |
| 2022-23 | 10,691.00 | 7,342.16 | |
| 2023-24 | 11,126.00 | 9418.74 | |

സെക്ഷൻ ഓഫീസർ